**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5258** **21-03-2025 - ൽ മറുപടിയ്ക്ക്**

**കരിയർ അഡ്വാൻസ്മെന്റ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ രംഗത്തെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ച കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കാത്തത് കോളേജുകളുടെ പഠനനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉന്നതവിദ്യാഭ്യാസ രംഗത്തെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി ആറാം AICTE ശമ്പള കമ്മീഷൻ പ്രകാരമുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളജുകളിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്തെങ്കിലും ശിപാർശകൾ നൽകിയിരുന്നോ; പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും കമ്മിറ്റിയുടെ ശിപാർശ 13.08.2024 ൽ നടന്ന 108 -ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ തീരുമാന പ്രകാരം ഔദ്യോഗിക അംഗീകാരത്തിനുള്ള ശുപാർശ ലഭ്യമാവുകയും ആയത് സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഐ.എച്ച്.ആർ.ഡി. യിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്നും എപ്പോൾ നടപ്പാക്കുമെന്നും അറിയിക്കുമോ? | (സി) | കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും കമ്മിറ്റിയുടെ ശിപാർശ 13.08.2024 ൽ നടന്ന 108 -ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ തീരുമാന പ്രകാരം ഔദ്യോഗിക അംഗീകാരത്തിനുള്ള ശുപാർശ ലഭ്യമാവുകയും ആയത് സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ